# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി

## 24.12.2014 ൽ കൂടിയ സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്

യോഗം രാവലെ 8 മണിക്ക് ബഹു. ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ബഹു. പഞ്ചായത്തു വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. ബഹു.നഗരകാര്യ വകുപ്പുമന്ത്രിയും സന്നിഹിതനായിരുന്നു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 17.12.2014–ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

**2. പൊതുവിഷയങ്ങൾ**

**2.1 പദ്ധതി നിർവഹണ പുരോഗതി അവലോകനം**

സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും കൂടി 2014–15 സാമ്പത്തിക വർഷം ഇതുവരെ ആകെ 1809 കോടി രൂപ ചെലവഴിച്ചു. ഗ്രാമപഞ്ചായത്തുകൾ 1035.18 കോടി രൂപയാണ് ചെലവഴിച്ചത്. ഇത് 28.19 ശതമാനമാണ്. മുൻവർഷം ഇതേ കാലയളവിൽ ചെലവ് ശതമാനം 33 ആയിരുന്നു. ബ്ലോക്ക് പഞ്ചായത്തുകൾ 231.98 കോടി രൂപയും (44.47ശതമാനം, മുൻവർഷം 57ശതമാനം), ജില്ലാ പഞ്ചായത്തുകൾ 288.20 കോടി രൂപയും (24.2 ശതമാനം മുൻവർഷം 24ശതമാനം) ചെലവഴിച്ചു. മുനിസിപ്പാലിറ്റികൾ 148.90 കോടി രൂപയും (26.4 ശതമാനം, മുൻ വർഷം 25 ശതമാനം), കോർപ്പറേഷനുകൾ 105.48 കോടി രൂപയും (21.3 ശതമാനം, മുൻ വർഷം 22. ശതമാനം) ആണ് ചെലവഴിച്ചത്.

**2.2** മീഡിയാ ശ്രീ പദ്ധതിക്ക് കോഡ് അനുവദിക്കുന്നതിന് ഐ.കെ.എം. ഡയറക്ടറെ ചുമതലപ്പെടുത്തി തീരുമാനിച്ചു. സൗത്ത് ഏഷ്യൻ കോളേജ് എന്ന സ്ഥാപനം വഴി ഡോക്യുമെന്ററി നിർമ്മാണത്തിന് അഡ്വാൻസ് തുക നൽകണമെന്ന ആവശ്യത്തിലേയ്ക്ക് ഉടമ്പടി വച്ച് കുടുംബശ്രീ ഡയറക്ടർക്ക് 30% തുക മുൻകൂറായി നൽകുന്നതിന് അനുവദിച്ച് തീരുമാനിച്ചു. കൂടാതെ ജില്ലാതലത്തിൽ ഡി.ഡി.പി. അദ്ധ്യക്ഷനായും. ഡി.എം.സി അംഗവുമായി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

**3 പ്രത്യേക വിഷയങ്ങൾ**

**3.1 അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത്(ഫയൽ നം. ഇ–91606 /ഡി.ഡി2/14/തസ്വഭവ)**

2012–13 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്തിലെ 15 ഡിവിഷനിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചപ്പോൾ സർക്കാർ അനുവദിച്ച തുകയെക്കാൾ കൂടുതൽ ചെലവായതിന് സാധൂകരണം ആവശ്യപ്പെട്ട നടപടിക്ക് വകുപ്പുതല തീരുമാനം കൈക്കൊള്ളുന്നതിന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്ത് (ഫയൽ നം. 77904 /ഡി.ഡി2/14/തസ്വഭവ)**

പകൽ വീട് പദ്ധതി നടത്തിപ്പിനായി പ്ലാൻ ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 പരിയാരം ഗ്രാമപഞ്ചായത്ത് (ഫയൽ നം. 60211/ഡി.എ2/14/തസ്വഭവ)**

എയ്ഡഡ് സ്ക്കൂളുകളിലേയ്ക്ക് കമ്പ്യൂട്ടർ മുതാലയവ അനുവദിക്കാനുള്ള ആവശ്യം പരിഗണിക്കേണ്ടതില്ലെന്നു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 97406/ഡി.ഡി2/14/തസ്വഭവ)**

സ്വയം സഹായ സംഘങ്ങൾക്ക് ആടു വളർത്തൽ എന്ന പ്രോജക്ടിന് അനുമതി നൽകണമെന്ന ആവശ്യം കുടുംബശ്രീ ഡയറക്ടറുടെ റിപ്പോർട്ട് സഹിതം അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ സമർപ്പിക്കുന്നതിന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 മാങ്കുളം ഗ്രാമപഞ്ചായത്ത് (ഫയൽ നം. 53388/ഇ.ഡബ്ല്യൂ3 /14/തസ്വഭവ)**

എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ കത്തിന്റെ അടിസ്ഥാനത്തിൽ മാങ്കുളം പഞ്ചായത്തിലെ വിഷയം സംബന്ധിച്ച് വകുപ്പുതല തീരുമാനം കൈക്കൊള്ളുന്നതിനും ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ കൺവീനർ വർക്കുകൾ നടപ്പാക്കേണ്ടതില്ലെന്ന് പഞ്ചായത്തിന് നിർദ്ദേശം നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 ആലപ്പുഴ ജില്ലാ പഞ്ചായത്ത് (ഫയൽ നം. 73509/ഡി.ഡി2/14/തസ്വഭവ)**

ജില്ലാ ഹോമിയോ ആശുപത്രിയിൽ പ്രവർത്തിച്ചുവരുന്ന ജെറിയാട്രിക് സ്പെഷ്യൽ ക്ലിനിക്കിലേയ്ക്ക് ജില്ലാ പഞ്ചായത്തിന്റെ വിഹിതം കൂടി ഉൾപ്പെടുത്താൻ ആവശ്യപ്പെട്ടത് അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 കുമരകം ഗ്രാമ പഞ്ചായത്ത് നം. 98510/14**2014-15

പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾ താമസിച്ചുവരുന്നത് താഴ്ന്ന ചതുപ്പ് പ്രദേശത്തായതിനാൽ വീടിന്റെ ചുറ്റും കല്ലുകെട്ടി മണ്ണിട്ടുയർത്തി സംരക്ഷിക്കുന്നതിന് അനുമതി നൽകണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് കൊല്ലം.**

തദ്ദേശഭരണ സ്ഥാപനങ്ങൾക്കാവശ്യമായ വിവിധതരം ഓഫീസ് ഫർണിച്ചറുകൾ, ഹോസ്പിറ്റൽ ഫർണിച്ചറുകൾ വിതരണം ചെയ്യുന്ന അംഗീകൃത സ്ഥാപനമായി അംഗീകരിക്കണമെന്ന ആവശ്യത്തിന്മേൽ ബന്ധപ്പെട്ടവരുമായി മന്ത്രിതലത്തിൽ ചർച്ച നടത്തി വകുപ്പുതല തീരുമാനം കൈക്കൊള്ളുന്നതിന് നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 ആയവന ഗ്രാമപഞ്ചായത്ത്**

ബയോഗ്യാസ് പ്ലാന്റ് എന്ന പ്രോജക്ടിൽ ശുചിത്വ മിഷൻ നിഷ്കർഷിച്ചിരിക്കുന്ന ഗ്യാസ് ഹോൾഡർ ഉൾപ്പെടെയുള്ള Digester Volume 0.50 M3 എന്നത് Volume 1.00 M3. ആയി മാറ്റണമെന്ന ആവശ്യത്തിൽ ശുചിത്വ മിഷൻ നൽകുന്ന റിപ്പോർട്ട് സഹിതം അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ ചർച്ച ചെയ്യുന്നതിന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 ഞീഴൂർ ഗ്രാമപഞ്ചായത്ത്**

പൊതു സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് നിലവിൽ സ്ട്രീറ്റ് മെയിൻ ഇല്ലാത്തതും സാധാരണ ലൈൻ ഉള്ളതുമായ പോസ്റ്റിൽ സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കുന്നതിന് വൈദ്യുതി ബോർഡിൽ തുക നിക്ഷേപിക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 നന്മണ്ട ഗ്രാമപഞ്ചായത്ത്**

ബഡ്സ് സ്ക്കൂൾ ആരംഭിക്കുന്നതിന് കണ്ടെത്തിയ സ്ഥലത്തിന്റെ മൂല്യനിർണ്ണയം നടത്തിയതിൽ നിലവിലുള്ള നിയമം അനുസരിച്ച് കളക്ടർ തീരുമാനിക്കുന്ന തുകയിൽ നിന്നും 30% അധികമായി നൽകാൻ വ്യവസ്ഥയുണ്ടെന്ന് നിരീക്ഷിച്ചു. സ്പിൽഓവർ പദ്ധതി പൂർത്തീകരിക്കേണ്ട അവസാന തീയതി 31.12.2014 എന്നുള്ളത് നീട്ടി നൽകുന്നതിന് അനുമതി ആവശ്യപ്പെട്ടത് പിന്നീട് പരിഗണിക്കുന്നതിന് മാറ്റി വച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 പുലാമന്തോൾ ഗ്രാമപഞ്ചായത്ത്**

യുവജന വികസന പ്രവർത്തനങ്ങൾക്ക് പ്രത്യേക ഘടക പദ്ധതിയിൽ നിന്നും 10% തുക മാറ്റി വയ്ക്കുന്നതിന്റെ ഭാഗമായി +2 വിദ്യാർത്ഥികൾക്ക് ടാബ്ലറ്റ് നൽകുന്നതിന് അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ നിശ്ചയിച്ച നിരക്ക് കൂടുതലായതിനാൽ പരിഗണിക്കേണ്ട തില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 ആനക്കയം ഗ്രാമപഞ്ചായത്ത് ബഹു.മലപ്പുറം എം.എൽ.എ. ശ്രീ. പി. ഉബൈദുള്ള മുഖാന്തിരം**

പാണായിലും ചേപ്പൂരിലും ഓരോ മിനി എൽ.ഇ.ഡി. ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടതിന്മേൽ വന മേഖലയിലായതിനാൽ പ്രത്യേക കേസായി തനത് ഫണ്ട് ഉപയോഗിക്കുന്നതിന് അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 പടിഞ്ഞാറെ കല്ലട ഗ്രാമപഞ്ചായത്ത്**

വികലാംഗർക്ക് ഉപകരണം നൽകൽ പ്രോജക്ട് നടത്തിപ്പും അംഗനവാടി കുട്ടികൾക്ക് യൂണിഫോം നൽകിയത് ഓഡിറ്റിൽ തടസ്സപ്പെടുത്തിയതിന് സാധൂകരണം നൽകുന്നതും കൃഷി ഭവനിലെ ട്രാക്ടർ റിപ്പയർ ചെയ്തതിനുള്ള ബിൽ തുക നൽകുന്നതും വകുപ്പുതലത്തിൽ തീരുമാനിക്കാൻ നിർദ്ദേശിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത്**

കുടിവെള്ള പൈപ്പ്ലെയിൻ എക്സ്റ്റൻഷൻ പദ്ധതി അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 പള്ളം ബ്ലോക്ക് പഞ്ചായത്ത്**

ബ്ലോക്ക് പഞ്ചായത്ത് 2014–15 വാർഷിക പദ്ധതിയിൽ 110 സോളാർ വൈദ്യുത വിളക്കുകൾ സ്ഥാപിക്കുന്നതിന് വീണ്ടും അനുവാദം ആവശ്യപ്പെട്ടതിന് തോട്ടം മേഖലയായതിനാൽ പ്രത്യേക കേസായി അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 പള്ളം ബ്ലോക്ക് പഞ്ചായത്ത്**

മിൽക്ക് സപ്ലൈസ് യൂണിയന് പാലുൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങുന്ന പദ്ധതിക്ക് അംഗീകാരം നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18പള്ളം ബ്ലോക്ക് പഞ്ചായത്ത്**

ആട്ഗ്രാമം സമൃദ്ധി പ്രോജക്ടിൽ ഗുണഭോക്താക്കൾക്ക് ധാതുലവണങ്ങൾ, വിര മരുന്ന് എന്നിവ നൽകുന്നതിന് അനുവാദം ആവശ്യപ്പെട്ടത് സബ്സിഡി മാർഗരേഖപ്രകാരം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 നെടിയിരുപ്പ് ഗ്രാമപപഞ്ചായത്ത് (ഫയൽ നം. 88705/ഡി.എ2/14/തസ്വഭവ)**

പഞ്ചകർമ്മ ഫാർമസി കോഴ്സ് നടത്തുന്നതിന് അനുമതി നൽകി തീരുമാനിച്ചു. എസ്.സി. പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം ചെയ്യുന്നതിനും തെരുവു വിളക്കുകൾ റിപ്പയർ പ്രവൃത്തി നടത്തുന്നതിനും നിലവിൽ അനുമതിയുള്ളതായി നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 പാമ്പാടി ബ്ലോക്ക് പഞ്ചായത്ത്**

പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് മുൻ വർഷങ്ങളിൽ നടപ്പിലാക്കിയ 17 പ്രോജക്ടുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്തവയായ തിനാൽ അവയ്ക്ക് പ്രത്യേകമായ അനുമതി നൽകണമെന്ന ആവശ്യം നിരസിച്ചു തീരുമാനിച്ചു. നടപ്പിലാക്കിയ ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം തേടാൻ ഗ്രാമവികസന കമ്മീഷണറെ ചുമതപ്പെടുത്തിയും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 തഴവ ഗ്രാമപഞ്ചായത്ത് (ഫയൽനം. 81260/എഫ്.എം.2/14/തസ്വഭവ)**

കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ തഴവ ഗ്രാമപഞ്ചായത്തിൽ കോളേജ് സ്ഥാപിക്കുന്നതിന് ഭൂമി വാങ്ങാൻ തനത് ഫണ്ടിൽ നിന്നും, തുക ചെലവഴിക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 കാക്കൂർ ഗ്രാമപഞ്ചായത്ത്**

കാക്കൂർ ഗ്രാമപഞ്ചായത്തിന്റെ പുതിയ ആഫീസ് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി സമർപ്പിച്ച ക്വട്ടേഷൻ നിരക്കുകൾ 2014 CPWD നിരക്കിൽ പരിമിതപ്പെടുത്തി നൽകുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.23 പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത്**

പൊതുവിഷയം 2.2 ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.24 ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത്**

ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന്റെ ആർട്ട് ഗ്യാലറി സ്ഥാപിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടതിന്മേൽ ആർക്കിടെക്റ്റിൽ നിന്ന് എസ്റ്റിമേറ്റ് വാങ്ങി ചെയ്യുന്നതിന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം രാവിലെ 10 മണിക്ക് അവസാനിച്ചു)

***അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗം 2014 ഡിസംബർ 31ന് രാവിലെ 8 മണിക്ക് ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ കൂടുന്നതിന് തീരുമാനിച്ചു.***

********